പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതി വേതനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2674 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പമന്ത്രി) |
| (എ) തൊഴിലുറപ്പ് പദ്ധതിയിൽ എത്ര പേർ ഏർപ്പെട്ടിട്ടുണ്ടെന്നും ഇവർക്ക് ഇപ്പോൾ എത്ര രൂപ പ്രതിദിന വേതനം നൽകുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2011-12 മുതൽ 2015-16 വരെ ആവശ്യാധിഷ്ഠിതമായി തൊഴിലിലേർപ്പെട്ട കുടുംബങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. 01.04.2015 മുതൽ ഇവരുടെ പ്രതിദിന വേതന നിരക്ക് 229/- രൂപയാണ്. |

| വർഷം | തൊഴിലിലേർപ്പെട്ട കുടുംബങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 2011-12 | 1416441 | 1562991 |
| 2012-13 | 1526283 | 1664980 |
| 2013-14 | 1526283 | 1643206 |
| 2014-15 | 1379794 | 1512501 |
| 2015-16 (22.06.2015 വരെ) | 400782 | 423593 |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷ്വറൻസ്, ക്ഷേമ പെൻഷൻ ഏത് രീതിയിലാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസമെങ്കിലും പണിയെടുത്ത തൊഴിലാളികളെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (ആർ.എസ്.ബി.വൈ.) അംഗങ്ങളാക്കുന്നതിന് എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ